മൂന്ന്

ഉദയംപേരൂർ സൂനഹദോസും ഭാരതസഭയും

ഡോ. സ്കറിയ സക്കറിയ

ഉദയംപേരൂർ സൂനഹദോസിനെത്തുടർന്ന് ഭാരതസഭയുടെ ആശയസമുച്ചയങ്ങളിൽത്തന്നെ വ്യതിയാനം (Paradigm shift) സംഭവിച്ചു എന്നു പറയാം. കുടുംബവ്യവസ്ഥ, സമൂഹക്രമം, പ്രപഞ്ചസങ്കല്പം ഇവയിലൊക്കെ ഓരോ കാലത്തു നിലനിന്നിരുന്ന ആശയസമുച്ചയങ്ങൾ പുതിയ സാഹചര്യങ്ങളിൽ പെട്ടെന്നു വ്യതിചലിച്ചെന്നു വരാം. മരുമക്കത്തായ വ്യവസ്ഥയിൽനിന്നു മക്കത്തായ വ്യവസ്ഥയിലേക്കുള്ള മാറ്റം, പിന്തുടർച്ചാവകാശത്തെയും കുടുംബബന്ധങ്ങളെയും സംബന്ധിച്ച് അന്നുവരെ നിലനിന്നിരുന്ന എല്ലാ ആശയസമുച്ചയങ്ങളുടെയും വ്യതിചലനത്തിൽ കലാശിക്കുകയും അവയെക്കുറിച്ചുള്ള പുതിയ ആശയസമുച്ചയങ്ങൾ സമൂഹത്തിൽ കൊണ്ടുവരികയും ചെയ്തു. ശാസ്ത്രമേഖലയിൽ, കോപ്പർ നിക്കസും ഡാർവിനും ന്യൂട്ടനും ഐൻസ്റ്റൈനും ഇത്തരം Paradigm shift-കൾ സൃഷ്ടിച്ചു. അവർ പുതിയ ആശയസമുച്ചയങ്ങൾ അവതരിപ്പിച്ചു. അതോടെ അന്നുവരെ നിലനിന്നിരുന്ന കാഴ്ചപ്പാടുകളും കെട്ടുപാടുകളും മാറി.

ഇപ്രകാരം ആശയസമുച്ചയങ്ങളിൽ മാറ്റംവരുത്തിയ ഒരു ചരിത്രസംഭവമാണ് ഉദയംപേരൂർ സൂനഹദോസ്. അതുവരെ നസ്രാണിസമുദായത്തിൽ നിലനിന്നിരുന്ന ആശയസമുച്ചയങ്ങളെ അതു പാടേ മാറ്റിമറിച്ചു. ഒരു Paradigm shift തന്നെ സംഭവിച്ചു. പകരം, മറ്റൊരു ആശയസമുച്ചയം ഇവിടെ അവതരിപ്പിക്കപ്പെടുകയും ചെയ്തു. ഈ Paradigm shift ഈ സമുദായത്തിലുണ്ടാക്കിയ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു എന്നു നാം ശ്രദ്ധിക്കേണ്ടതുണ്ട്.

കൂടിപ്പുലർച്ചയിൽനിന്നു അടക്കിവാഴ്ചയിലേക്ക്

ഉദയംപേരൂർ സൂനഹദോസ് വരെ, കേരളനസ്രാണിസമുദായത്തിൽ കൂടിപ്പുലർച്ചയുടെ സംസ്കാരമാണ് പുലർന്നിരുന്നത്. സഭാ-സമുദായ

കാര്യങ്ങൾ എല്ലാ അംഗങ്ങളുടെയും ആശയാഭിപ്രായങ്ങൾ കണക്കിലെടുത്ത് രമ്യമായും കൂട്ടായ്മമനോഭാവത്തോടെയും, തങ്ങളുടെ സ്വന്തം കാര്യംപോലെയും, നടത്തുന്ന ഒരു ശീലമായിരുന്നു ഇവിടെ പുലർന്നിരുന്നത്. കൂടിപ്പുലർച്ചയുടെയും കൂട്ടായ്മയുടെയും ഈ സഭാസംസ്കാരത്തെ അടക്കിവാഴ്ചയുടേതായ പാശ്ചാത്യസഭാസംസ്കാരത്തിലേക്ക് വ്യതിചലിപ്പിക്കുകയായിരുന്നു അലക്സിസ് മെനേസിസ് മെത്രാപ്പോലീത്താ ഉദയംപേരൂർ സൂനഹദോസിലൂടെ ചെയ്തത്.

തുടർന്നുള്ള ചരിത്രം, അതായത്, അലക്സിസ് മെനേസിസിൽനിന്ന് മാർ വർക്കി വിതയത്തിലിലേക്കുള്ള മാറ്റത്തിന്റെ ചരിത്രം, ഒരു ഋജുരേഖയിലാണ് എന്നു കാണാം. മെനേസിസ് തുടങ്ങിവച്ച കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോവുക എന്നുള്ളതാണ് ശ്രേഷ്ഠമെത്രാപ്പോലീത്താ എന്ന നിലയിൽ മാർ വർക്കി വിതയത്തിൽ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. മെത്രാന്റെയും പുരോഹിതന്റെയും അല്മായന്റെയും തലങ്ങൾ വേർതിരിച്ച്, കൂടിപ്പുലർച്ചയും കൂട്ടായ്മയും വിട്ട്, അടക്കിവാഴ്ചയുടെ സംസ്കാരത്തിലേക്ക് നീങ്ങുന്നതു വ്യക്തമായി കാണാൻ സാധിക്കും.

സഭയിലെ സേവനസങ്കല്പം, മേൽക്കോയ്മസങ്കല്പത്തിനു വഴിമാറുന്നതും ആ ദിശയിലുള്ള ചരിത്രവ്യതിചലനം വ്യാപകമാകുന്നതും നാമിന്നു കണ്ടുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം തുടക്കം കുറിച്ചത് ഉദയംപേരൂർ സൂനഹദോസാണ്.

'ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ' ഇങ്ങനെ ആരംഭിക്കുന്നു:

"ശുദ്ധമാന മാർപ്പാപ്പാടെ കല്പനയാലെ മാർ അല്ലെസൊസ മെത്രാൻ ഉതിയംപെരുര മർത്തമറിയത്തുമ്മാടെ പള്ളിക്കൽ പട്ടക്കാരരയും എണങ്ങരയും അവുടെ യൊഗപെടുത്ത,

മാർത്തൊമാ നസ്രാണികളുടെ നന്മക്കും ഗുണത്തിന്നും ആയിട്ടു, അങ്കമാലി എന്നു പെർ വിളിക്കപ്പെട്ട മാർ അല്ലെസൊസ മെത്രാൻ ഈ സൂനഹദോസ കല്പിച്ചു-

തമ്പുരാന്റെ പള്ളി അടക്കി വാഴുന്ന ശുദ്ധമാന മാർ ക്ലമ്മീസ എന്ന പാപ്പാടെ പ്രമാണത്തിലെ പൊർത്തുക്കാൽ രാജ്യത്തിന്ന കെഴക്കൊള്ള മെത്രാന്മാർക്കു ഒക്കെക്കും തലവൻ ആകുന്ന മാർ അല്ലെസൊസ മെത്രാൻ മലംകര പണ്ടു പണ്ടെ ഒള്ള മാർത്തൊമ്മ നസ്രാണികളുടെ എടവകയിലെ പട്ടക്കാരരെയും എണങ്ങരെയും യൊഗം കൂട്ടി കൽപിച്ച സൂനഹദൊസ ഇത." (ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, 1994, പേജ് 107, 108).

'പട്ടക്കാരെയും എണങ്ങരെയും' എന്നീ രണ്ടു വാക്കുകൾ ഇവിടെ പ്രധാനമാണ്; പട്ടക്കാരും ഇണങ്ങരും - ഈ രണ്ടു വാക്കുകൾ നമ്മളിന്ന്

കേൾക്കുന്നുണ്ടോ? കേൾക്കുന്നെങ്കിൽ ഏതർഥത്തിലാണ് നമ്മൾ കേൾക്കുന്നത്? പരമ്പരാഗത കേരളക്രൈസ്തവസമൂഹത്തിൽ ഇണങ്ങരായിരുന്നു അടിസ്ഥാനയൂണിറ്റ്. അതു നിയോഗിക്കുന്ന ആധ്യാത്മികശുശ്രൂഷികളായിരുന്നു പട്ടക്കാരും മെത്രാനും. ഇണങ്ങിനെ ആശ്രയിച്ചായിരുന്നു അവരുടെ അധികാരവും പ്രവർത്തനവും. *'മാർത്തോമ്മാനസ്രാണികളുടെ നന്മയ്ക്കും ഗുണത്തിന്നുമായിട്ട് അങ്കമാലി എന്ന പെർ വിളിക്കപ്പെട്ട മാർ അല്ലേസൊസ മെത്രാൻ ഈ സൂനഹദൊസ കല്പിച്ചു. തമ്പുരാന്റെ പള്ളി അടക്കിവാഴുന്ന ശുദ്ധമാന മാർ ക്ലമ്മീസ എന്ന പാപ്പാടെ പ്രമാണത്താലെ....'* നോക്കുക, പള്ളിയെ അടക്കി വാഴുന്നതിനെപ്പറ്റിയാണ് ഇവിടെ പറയുന്നത്.

ഈ അടക്കിവാഴ്ചയിൽ പെടാത്തവർക്ക് രക്ഷയില്ലെന്നായിരുന്നു ഒരു കാലത്തെ വ്യാഖ്യാനം. പിന്നെ അതുവിട്ട്, 'ദൈവത്തിന്റെ പ്രീതിഭാജനങ്ങളായിട്ടുള്ളവർ എല്ലാവരും സഭയ്ക്കുള്ളിൽ രക്ഷപ്പെടും' എന്നാക്കി, ഒറ്റ വര വരച്ച് കൊള്ളാവുന്നവരെ ഒക്കെ അകത്താക്കി - അതിന്റെ പേരാണ് സഭ. ദൈവത്തിന്റെ പ്രീതിഭാജനങ്ങളെ എങ്ങനെ തിരിച്ചറിയും എന്നു പറഞ്ഞിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. പക്ഷേ, അടക്കിവാഴ്ചയുടെ സംസ്കാരത്തിൽ അങ്ങനൊന്നുമില്ല. സഭയുടെ തത്ത്വങ്ങളെന്ന് ഓരോ കാലത്ത് നിർണയിക്കുന്ന കാര്യങ്ങൾ ആരു നിർണയിക്കുന്നു എങ്ങനെ നിർണയിക്കുന്നു എന്നു പറയാത്തിടത്തോളം കാലം അത് ഏകാധിപത്യപരമായ ഒരു അധികാരവ്യവസ്ഥയാണ്. ഈ വ്യവസ്ഥയുടെ നിയമസംഹിതയായ കാനോൻനിയമത്തിൽ പുതിയ രണ്ടു നിയമങ്ങൾകൂടി 1998-ൽ എഴുതിച്ചേർത്തിട്ടുണ്ട്. ലത്തീൻ കാനോൻനിയമത്തിനും പൗരസ്ത്യകാനോൻനിയമത്തിനും ഒരുപോലെ ബാധകമായ ഈ നിയമങ്ങൾ ഒരു അപ്പോസ്തലികപ്രബോധനംവഴിയാണ് മാർപ്പാപ്പ കൂട്ടിച്ചേർത്തത്. സുനിശ്ചിതമെന്നു (definitive) സഭ നിർദേശിക്കുന്ന എല്ലാക്കാര്യങ്ങളും സ്വീകരിക്കുകയും മുറുകെപ്പിടിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്നതാണ് ഒന്നാമത്തെ നിയമം. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്ക് ഉചിതമായ ശിക്ഷ വിധിക്കുന്നതാണ് രണ്ടാമത്തെ നിയമം. അതായത്, രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ സഭയ്ക്കുള്ളിലേക്ക് അല്പം കാറ്റ് കടത്തിവിട്ടിട്ടുണ്ടെങ്കിൽ ഈ കാറ്റെല്ലാം മതിയെന്നു പറഞ്ഞ് വാതിൽ കൊട്ടിയടയ്ക്കുകയാണ്! പക്ഷേ, നിവൃത്തിയില്ല, അടയ്ക്കാൻ വയ്യാത്തവണ്ണം കാറ്റ് കയറിക്കൊണ്ടിരിക്കുകയാണ്. ഇത് പരാക്രമമാണ്. സഭയ്ക്കുള്ളിൽ നടക്കുന്ന ചർച്ചകൾ മുഴുവൻ അവസാനിപ്പിക്കുവാനുള്ള പരിഭ്രമം കലർന്ന പരാക്രമം! ഈ പരാക്രമം അതിന്റെ ഓരോരോ രൂപങ്ങളിൽ ഓരോ പള്ളിയിലും ഓരോ പ്രദേശത്തും നടക്കുന്നുണ്ട്. പിന്നെ എന്താ ഒറ്റയടിക്ക് അധികാരം പ്രയോഗിക്കാത്തതെന്നു ചോദിച്ചാൽ, പച്ച ചെക്കിടിക്കാട്ട് ഉള്ളതുപോലെയുള്ള മനുഷ്യർ

പല സ്ഥലത്തും ഉള്ളതുകൊണ്ടാണെന്നു മാത്രം പറയേണ്ടിവരും. കുരിശുമാറ്റിവയ്ക്കാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല; കല്പിക്കാഞ്ഞിട്ടുമല്ല. പക്ഷേ, മാറ്റിവച്ചാൽ ജനങ്ങൾ പ്രതിരോധിക്കുമെന്നും, പള്ളി അടച്ചിട്ടാൽ ജനങ്ങൾ തിരിഞ്ഞുനോക്കില്ലെന്നും, മാപ്പു പറയാൻ പറഞ്ഞാൽ ജനങ്ങൾ പറയില്ലെന്നും മനസ്സിലാക്കിയതുകൊണ്ടാണ് പള്ളിതുറന്ന് ക്രൂശിതരൂപം വെച്ചു കുർബാന ചൊല്ലുവാൻ സഭാധികാരികൾ തയ്യാറായത്. അല്ലാതെ, അധികാരവ്യവസ്ഥിതിയുടെ മാന്യതകൊണ്ടോ സുഗമതകൊണ്ടോ അല്ല. അധികാരം, ചെറുത്തുനിൽപിനു മുമ്പിൽ, പ്രതിരോധത്തിനു മുമ്പിൽ, പതറുന്നുവെന്നു മാത്രമാണ് ഇതു കാണിക്കുന്നത്. ജനങ്ങളെ പ്രതിരോധിക്കാൻ ശീലിപ്പിക്കുകയാണ് ഇത്തരം നടപടികളും നിയമങ്ങളും ചെയ്യുന്നത്. അങ്ങനെ 'അടക്കിവാഴൽ' എന്ന ശീലം ഇവിടെ ദൈവജനത്തിന്റെ ഇടർച്ചയായി തുടരുന്നു.

കത്തോലിക്കാസഭയിൽ സംജാതമായിരിക്കുന്ന ഈ സാഹചര്യത്തിന് എന്താണു കാരണമെന്നുകൂടി പരിശോധിക്കട്ടെ. അതാണല്ലോ എന്റെ വിഷയവും. ഇന്നിവിടെ ജനാധിപത്യത്തിന്റെ കാലാവസ്ഥ ഉണ്ട്. ഈ കാലാവസ്ഥയിൽ ജീവിക്കുന്ന ഇൻഡ്യയിലെ ജനങ്ങൾക്ക് 1947 മുതലൊന്നുമല്ല, അതിന് പിന്നിലേക്കും, കോളനിവാഴ്ചയുടെ കാലം മുതൽതന്നെ, സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു സങ്കല്പമുണ്ട്. ഭാരതത്തിലെ ക്രൈസ്തവർ എക്കാലത്തും ഈ സ്വാതന്ത്ര്യസങ്കല്പത്തിൽ നിന്നുകൊണ്ട്, അതിന്റെ സാക്ഷാൽക്കാരത്തിനുവേണ്ടി ബലം പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള ആദ്യത്തെ കോളണിവിരുദ്ധ ബലപ്രയോഗം 1653-ലെ കൂനൻകുരിശുസത്യമാണ്. അതായിരുന്നു ഇവിടുത്തെ നസ്രാണിമനസ്സിന്റെ ആദ്യത്തെ ആഞ്ഞടിക്കൽ. ജനങ്ങളുടെ പ്രതിരോധത്തിന്റെ തോത് നമ്മൾ മറക്കരുത്. ജനങ്ങൾ പ്രതിരോധിക്കുന്നുണ്ട്. അധികാരം മേൽക്കോയ്മയായി മാറുന്ന സംവിധാനങ്ങളെ ജനങ്ങൾ എല്ലാ കാലഘട്ടങ്ങളിലും പ്രതിരോധിച്ചുകൊണ്ടിരിക്കുകയാണ്.

ചെറുത്തുനിൽക്കുന്ന നെൽച്ചെടികൾ

ഈ പ്രതിരോധം തിരിച്ചറിയുന്നില്ല എന്നതാണ് കൗതുകകരമായ കാര്യം. ക്രൈസ്തവസഭ എന്നാൽ അധികാരികൾ എന്തു പറഞ്ഞാലും അതുപോലെയങ്ങു നടക്കുന്ന ഒരു സ്ഥലമാണ്. കാറ്റ് അടിക്കുന്നു; നെൽച്ചെടികളെല്ലാം ഒരുപോലെ തലകുനിക്കുന്നു! ഇതാണോ സത്യം? ചിലത് തലയുയർത്തി പ്രതിരോധിച്ചുനിൽക്കും. കത്തോലിക്കാസഭയിലും അനേകം നെൽച്ചെടികൾ ചെറുത്തുനിൽക്കുന്നുണ്ട്. ചെറുത്തുനില്പിന്റെ തോതിനും തരത്തിനും വ്യത്യാസമുണ്ടാവാം. മുൻഭരണകൂടത്തെ വിമർശിച്ചു ക്രൂഷ്ചേവ് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ സദസ്സിൽനിന്ന് ഒരാൾ ചോദിച്ചു: "താങ്കൾ ഇപ്പോൾ വിമർശിക്കുന്ന ആളുകളെ നിങ്ങളന്ന്

സദസ്സിലിരുന്നപ്പോൾ എന്തുകൊണ്ടാണ് വിമർശിക്കാതിരുന്നത്?" അപ്പോൾ ക്രൂഷ്ചേവ്, 'അത് ചോദിച്ച ആളൊന്ന് എഴുന്നേറ്റ് നിൽക്കൂ, കാണട്ടെ' എന്നു പറഞ്ഞു. ആരും എഴുന്നേറ്റുനിന്നില്ല. അപ്പോൾ ക്രൂഷ്ചേവ് പറഞ്ഞു: "ഇതാണ് ഉത്തരം." ഇവിടെയാകട്ടെ, എഴുന്നേറ്റു നിന്നു പ്രതിരോധിക്കുന്ന ധാരാളം ആളുകളുണ്ട്. എങ്കിലും എഴുന്നേറ്റു നിൽക്കാതെ പ്രതിരോധിക്കുന്നവരാണ് അധികം.

അടുത്ത കാലത്തു കോളജധ്യാപകനായിരുന്ന ഒരു യുവവൈദികന്റെ സ്ത്രീബന്ധം ഉഗ്രൻ ചർച്ചാവിഷയമായപ്പോൾ കോളജിലെ നല്ല കത്തോലിക്കാകുട്ടികൾ എന്താണു പറഞ്ഞതെന്നറിയാമോ? 'ഈ അച്ചന്മാരെയെല്ലാം കെട്ടാൻ അനുവദിക്കണം. അല്ലാതെ അവരെയിങ്ങനെ വിഷമിപ്പിക്കേണ്ട കാര്യമില്ല. ആ അച്ചൻ നല്ല അച്ചനായിരുന്നു. ഈ ഏടാകൂടം ഒക്കെ ചെയ്യേണ്ടിവന്നത് ഇതുകൊണ്ടല്ലേ?' ഈ കുട്ടികൾ പ്രതിരോധിക്കുകയായിരുന്നു. അച്ചനെ കല്ലെറിയണമെന്നല്ല അവർ പറഞ്ഞത്. അവർ ഇന്നത്തെ സഭാവ്യവസ്ഥയോട് ക്രിയാത്മകമായി പ്രതികരിക്കുകയാണ്. ബലാൽക്കാരമായി അടിച്ചേല്പിക്കപ്പെടുന്ന ബ്രഹ്മചര്യം മനുഷ്യത്വത്തിനുതന്നെ വിരുദ്ധമാണ് എന്ന തിരിച്ചറിവിലേക്ക് വളരുന്ന ഒരു സമൂഹം നമ്മുടെ മുന്നിലുണ്ട്. ഉദയംപേരൂർ സൂനഹദോസാണ് വൈദിക ബ്രഹ്മചര്യം ഇവിടെ നടപ്പിലാക്കായത് എന്ന് ഓർമിക്കുക. ഇന്നത്തെ കുരിശുവിവാദത്തിന്റെ കാര്യമെടുത്താലും, പ്രമേയത്തിലൊപ്പിടുന്നവരോ ജാഥകളിൽ പങ്കെടുക്കുന്നവരോ മാത്രമല്ല പ്രതിരോധനിരയിൽ ഉള്ളത്. ഈ പ്രശ്നത്തിൽ ഇടപെടുന്നവർക്കൊക്കെ അറിയാം, ജനങ്ങളിൽ പ്രതിഷേധവും അമർഷവും ചെറുത്തുനില്പും വർധിക്കുകയാണ് എന്ന്. ഏതെല്ലാം തരത്തിൽ അതു പ്രകടിപ്പിക്കാമോ, ആ തരത്തിലൊക്കെ അവർ പ്രതികരിക്കും. പക്ഷേ, അധികാരത്തിന്റെ കൈകളെ അവർക്ക് ഭയമുണ്ട്. തങ്ങളിൽ സഹജമായ പ്രതിരോധത്തിന്റെ കരുത്ത് നിലനിർത്തുന്നു. ഞാൻ ഇവിടെ പറഞ്ഞു വരുന്നത്, ക്രൈസ്തവസഭയുടെ ചരിത്രത്തിന്റെ ഭാഗമായി ഈ പ്രതിരോധത്തെ പരിഗണിക്കണം എന്നാണ്. ക്രൈസ്തവസഭയുടെ ചരിത്രമായി കോളണിപാരമ്പര്യത്തിലുള്ള ഏകപക്ഷീയമായ അധികാരപ്രയോഗത്തെ മാത്രം വാഴിക്കാതെ പ്രതിരോധത്തെക്കൂടി വാഴിക്കുകയാണെങ്കിൽ, അതായിരിക്കും കുറെക്കൂടി ചലനാത്മകമായ ഊർജം നമ്മുടെ സഭാസമൂഹത്തിലേക്കും നമ്മുടെ പൊതുസമൂഹത്തിലേക്കും സംക്രമിപ്പിക്കുന്നത്.

പ്രശ്നം സിംഹാസനങ്ങളാണ്

കേരളത്തിൽ മറ്റു സഭകളിലെ മെത്രാന്മാർ അധികാരത്തെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം എടുത്തു പറയാറുണ്ട്. 'കത്തോലിക്കാസഭയിലെ സമാധാനം നോക്കുക, അവിടെ എന്തു സ്വസ്ഥത!' ഇതിനു പിന്നിൽ ഒറ്റ ചിന്ത മാത്രമേയുള്ളൂ. 'ഞങ്ങൾ കത്തോലിക്കാമെത്രാന്മാരെ

പ്പോലെ എങ്ങനെയെങ്കിലും ഒന്നു പച്ചപിടിക്കാൻ നോക്കിക്കൊണ്ടിരിക്കുകയാണ്; വെറുതെ ബുദ്ധിമുട്ടിക്കരുത്.' സിംഹാസനമാണ് അവരുടെ പ്രശ്നം. സിംഹാസനമെന്ന ഭൂതം നസ്രാണിസഭയെ ബാധിച്ചത് പോർട്ടുഗീസുകാരുടെ വരവോടെയായിരുന്നു. അല്ലെങ്കിൽ ഈ സിംഹാസനത്തെക്കുറിച്ച് പതിനാറാം നൂറ്റാണ്ടിനുമുമ്പ് ആരെങ്കിലും കേട്ടിട്ടുണ്ടോ? സിംഹാസനം വന്നത് എവിടെ നിന്നാണെന്ന് ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ വായിച്ചാൽ നമുക്കു മനസ്സിലാകും. ആദ്യം മാർപ്പാപ്പയ്ക്ക് ഒരു സിംഹാസനം ഉണ്ടെന്നു പറഞ്ഞു. പിന്നെപ്പറഞ്ഞു, 'കിഴക്ക് ഒക്കെയ്ക്കുമുള്ള മെത്രാപ്പോലീത്തായ്ക്ക് ഒരു സിംഹാസനമുണ്ട്' എന്ന്. അത് കഴിഞ്ഞപ്പോൾ പറഞ്ഞു, 'മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഒരു സിംഹാസനമുണ്ട്' എന്ന്. ഈ സിംഹാസനം കത്തോലിക്കാസഭയിൽ മാത്രമായി നിന്നില്ല; വലിയ സിംഹാസനങ്ങൾ വേറെയുമുണ്ടായി. 'മാർത്തോമ്മായുടെ സിംഹാസനം!' ഇത് എവിടെനിന്നു വന്നു? പോർട്ടുഗീസാഗമനത്തിനുമുമ്പുള്ള മാർത്തോമ്മാനസ്രാണികളുടെ ചരിത്രത്തിലെവിടെയെങ്കിലും ഈ സിംഹാസനത്തെക്കുറിച്ച് പറയുന്നുണ്ടോ? അപ്പോൾ ദേവലോകത്തിരിക്കുന്ന സിംഹാസനം, Made in Portugal തന്നെ. ഇത് മറ്റ് ക്രൈസ്തവസഭകൾ തിരിച്ചറിയുന്നില്ല എന്നതാണു സംഗതി.

അറുപതു വർഷക്കാലം റോമൻ കത്തോലിക്കാസഭയുടെ നിശിതമായ ശിക്ഷണത്തിലായിരുന്നു ഇവിടുത്തെ സമസ്ത നസ്രാണികളും. ഈ അറുപതു വർഷം കൊണ്ട് എന്തു സംഭവിച്ചു? അധികാരമാണ് പെട്ടെന്ന് വളരുന്ന ഒരു ചെടി. പോർട്ടുഗീസുകാർ നട്ട അധികാരച്ചെടി ആർത്തുവളർന്ന് എല്ലാ സഭാശ്രേണികളെയും ബാധിക്കുകയായിരുന്നു. തന്മൂലം പലതായി പിരിഞ്ഞുപോയപ്പോൾ പലതും വേണ്ടെന്നു വെച്ചെങ്കിലും സിംഹാസനം മാത്രം ആരും വേണ്ടെന്നുവെച്ചില്ല. വിലാസം മാത്രം മാറ്റി. റോമിലെ സിംഹാസനത്തിനു പകരം ചിലർ അന്ത്യോക്യയിലെ സിംഹാസനത്തെ പിടിച്ചു. അന്ത്യോക്യയിലെ സിംഹാസനം വേണ്ടെന്നു വെച്ചവർ ദേവലോകത്തു സിംഹാസനം സ്ഥാപിച്ചു. ദേവലോകത്തെ സിംഹാസനം വേണ്ടെന്നു വെച്ചവർ തിരുവല്ലയിലിരിക്കട്ടെ ഒന്ന് എന്നു തീരുമാനിച്ചു. അതു കഴിഞ്ഞ് തൊഴിയൂർ പോയവരും സിംഹാസനം കളഞ്ഞില്ല. സിംഹാസനവും അരമനയും ഇല്ലാതെ ഇരിക്കാൻ ആർക്കും വയ്യാതായി. എവിടെനിന്നു വന്നു ഇത്? വന്നത് മെനേസിസിൽനിന്നാണ്. മെനേസിസ് കൊടുത്ത സിംഹാസനവുമായി മേലാളർ പോവുകയാണു ചെയ്തത്. കാരണം, അടക്കിവാഴണമെങ്കിൽ സിംഹാസനം കൂടിയേ തീരൂ. ഈ സഭയ്ക്ക് പാശ്ചാത്യസമ്പ്രദായത്തിൽ നിന്നു ഉദയംപേരൂർ സൂനഹദോസ് വഴി കിട്ടിയ ഏറ്റവും കനപ്പെട്ട ആശയസമുച്ചയം അടക്കിവാഴ്ചയുടെ ഈ സിംഹാസനമാണ്.

മെത്രാൻ പോയി, മാടമ്പിമാർ വന്നു

അപ്പോൾ അതിനുമുമ്പ് ഇവിടെ മെത്രാന്മാരില്ലായിരുന്നോ എന്നു ചോദിച്ചേക്കാം. ഉണ്ടായിരുന്നു. ആ മെത്രാന്മാരെക്കുറിച്ചൊക്കെ വായിച്ചറിയാൻ ഇന്ന് വേണ്ടുവോളം പുസ്തകങ്ങളുണ്ട്. ഞാൻ പറയേണ്ട കാര്യമുണ്ടോ? ഇണങ്ങർ വിളിച്ചു വരുത്തുന്ന ആത്മീയ ശുശ്രൂഷകനായിരുന്നു മെത്രാൻ. മാർപ്പാപ്പയ്ക്ക് ഒരു ബഹുമതിയുണ്ടല്ലോ 'ദാസന്മാരുടെ ദാസൻ', 'ക്രിസ്തുവിന്റെ ദാസന്മാരുടെ ദാസൻ' എന്ന്. ക്രിസ്തുവിന്റെ ദാസന്മാരുടെ ദാസരായി വന്നിരുന്ന അവരെ ആത്മീയ ഗുരുക്കന്മാരായി നാം സ്വീകരിച്ചിരുന്നു. ഏതു തരത്തിലുള്ള ആളുകളാണ് ഇവിടെ വന്നിരുന്നത് എന്നുകൂടി ഓർക്കണം. സന്ന്യാസികളാണ് വന്നിരുന്നത്. പേർഷ്യയിലെ സന്ന്യാസഭവനങ്ങളിൽ പ്രാർഥനയിൽ ജീവിച്ചിരുന്നവരെ ചെന്നു കണ്ടിട്ട് നസ്രാണികളുടെ പ്രതിനിധികൾ വിളിക്കും. അവരെ പാത്രിയർക്കീസ് വാഴിച്ച് വിടും. ചിലപ്പോൾ ചിലർ അവിടെനിന്ന് പുറപ്പെട്ടുപോരും. നമുക്കു വേണ്ടവരെ നമ്മൾ സ്വീകരിക്കും. ഭരിക്കാനല്ല, ഭൗതികശുശ്രൂഷയ്ക്കല്ല, ആത്മീയ ശുശ്രൂഷയ്ക്കുവേണ്ടിയാണു സ്വീകരിച്ചിരുന്നത്. മെത്രാനെക്കുറിച്ചുള്ള സഭയുടെ അടിസ്ഥാനപരമായ സങ്കല്പം, വേദപുസ്തകത്തിൽ അധിഷ്ഠിതമായ സങ്കല്പം, കേരളീയ പാരമ്പര്യത്തിലുള്ള സങ്കല്പം ഇതാണ്. ഈ തിരിച്ചറിവുള്ള നസ്രാണികളോട് 'മാർത്തോമ്മായുടെ നിയമം എപ്പിസ്കോപ്പസിക്ക് എതിരാ'ണെന്ന് വിതയത്തിൽ മെത്രാപ്പോലീത്ത പറഞ്ഞാൽ അതു വിശ്വസിക്കാൻ അത്രയേറെ അജ്ഞർ ഈ സഭയിലുണ്ടാവുമെന്നു തോന്നുന്നില്ല. എതിർക്കുന്നവരൊക്കെ എപ്പിസ്കോപ്പസിയെ എതിർത്തിട്ട് കോൺഗ്രിഗേഷണൽ സഭയാകാൻ പോകുന്നുവത്രെ! സഭയിൽ എപ്പിസ്കോപ്പസിയും മെത്രാൻ സ്ഥാനവും വേണ്ടെന്ന് ആരാണു പറഞ്ഞത്? പോകണമെന്നു പറഞ്ഞത്, രാജകീയ മെത്രാൻസ്ഥാനവും രാജകീയ എപ്പിസ്കോപ്പസിയുമാണ്. അത് ഉദയംപേരൂർ സൂനഹദോസിന്റെ സൃഷ്ടിയാണ്.

എപ്പിസ്കോപ്പസിയെ ഇവിടെ ആരും എതിർക്കുന്നില്ല. പക്ഷേ, എപ്പിസ്കോപ്പാ എന്നു പറയുന്നത് ആത്മീയശുശ്രൂഷകനാണ്. ഞങ്ങൾക്ക് പോർച്ചുഗീസ് രാജാവിന്റെ മാടമ്പിസ്ഥാനക്കാരനെ വേണ്ട. ഞങ്ങൾ ഈ രാജ്യത്ത് ജനിച്ചുവളർന്ന പൗരന്മാരാണ്. മെത്രാന്റെ കാര്യത്തിൽ ഈ സമൂഹത്തിന് മാന്യമായ ഏർപ്പാടുകൾ ഉണ്ടായിരുന്നു. ആ ഏർപ്പാടുകൾ സഭാകൂട്ടായ്മയുടെ നിയന്ത്രണത്തിലുമായിരുന്നു.

ഇവിടെ ഒരു ചോദ്യം ഉദിച്ചേക്കാം. അങ്ങേപ്പുറത്ത്, നസ്രാണി പാരമ്പര്യമുള്ള മറ്റു സഭകളിൽ, എന്താണു സംഭവിച്ചത്? ഇത് വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. കൂനൻകുരിശ് സത്യം കഴിഞ്ഞപ്പോൾ വീണ്ടും പ്രശ്നങ്ങളായി. ചരിത്രം വായിച്ചിട്ടുള്ളവർക്ക്, സമുദായത്തിന്റെ

തലവനായിരുന്ന മാർത്തോമ്മാ അർക്കദിയാക്കോനെ പിടികൂടാൻവേണ്ടി പോർട്ടുഗീസുകാർ നടത്തിയ ഭീകരമായ വേട്ടയാടലിനെപ്പറ്റി അറിയാം. കൊച്ചി രാജാവിന്റെ പിന്തുണയോടുകൂടി അവർ ഓടിനടക്കുകയാണ്. മുളന്തുരുത്തി പള്ളിയിൽ മാർത്തോമ്മാ അർക്കദിയാക്കോൻ ഉണ്ടെന്ന റിഞ്ഞ് പട്ടാളക്കാർ അവിടെ കയറി. അർക്കദിയാക്കോൻ വേഷംമാറി സ്ഥലംവിട്ടു. പക്ഷേ, വേഷം മാറിയപ്പോൾ വേഷം അവിടെക്കിടന്നു. അർക്കദിയാക്കോന്റെ ഈ വേഷം അവർ എന്തു ചെയ്തെന്നറിയാമോ? 'ദൈവരാജ്യത്തിന്റെ മഹത്വത്തിനുവേണ്ടി' അവർ വളരെ ആഘോഷ മായി അതു കത്തിച്ചു. അങ്ങേരെ കത്തിക്കാൻ പറ്റാത്തതുകൊണ്ട് അങ്ങേര് ഇട്ടിരുന്ന അങ്കി കത്തിച്ചു! ഈ സാഹചര്യത്തിലാണ് മാർത്തോമ്മാ അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചുകൊണ്ടു മാത്രമേ നിലനിൽക്കാൻ കഴിയൂ എന്ന് മറ്റു വിഭാഗക്കാർ മനസ്സിലാക്കിയത്. അങ്ങനെ അന്നുവരെ ജാതിക്കു കർത്തവ്യനായിരുന്ന ഒരാളെ, ചരിത്ര ത്തിന്റെ വൈപരീത്യംകൊണ്ട്, മറ്റു വിഭാഗക്കാർക്കു മെത്രാനായി വാഴി ക്കേണ്ടി വന്നു. ഈ ചരിത്രദുര്യോഗംകൊണ്ട് നസ്രാണി പാരമ്പര്യമുള്ള മറ്റ് അകത്തോലിക്കാസഭകളിലും പുത്തൻകൂറ്റ് സമുദായത്തിലും ഭൗതി കാധികാരവും ആത്മീയാധികാരവും തമ്മിലുള്ള ഒരു അവിഹിതവേഴ്ച ഉണ്ടായി. അതിപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. അപ്പോൾ, ഇപ്പോഴത്തെ അകത്തോലിക്കാനസ്രാണിമെത്രാന്മാരും ധരിച്ചുകൊണ്ടു നടക്കുന്നത് നസ്രാണിസഭാപാരമ്പര്യമല്ല; മറിച്ച്, കുറഞ്ഞ തോതിലെ ങ്കിലും പോർച്ചുഗീസുകാരന്റെ പാരമ്പര്യമാണ്.

ശുശ്രൂഷ വിട്ട് മെരുക്കൽ തുടങ്ങി

അടുത്തഘട്ടം മിഷനറിമാരുടെ പ്രവർത്തനമാണ്. മിഷനറിമാരിൽ അധികാരത്തെക്കുറിച്ചുള്ള ഈ സങ്കല്പം എങ്ങനെ രൂപപ്പെട്ടു? കോള നിവാഴ്ചയുടെ ആശയാദർശങ്ങൾ ഉൾക്കൊണ്ടാണ് അവർ വന്നത്. കൊളോണിയലിസത്തിന്റെ ആശയവ്യവസ്ഥയിൽ കോളനിഭരണത്തിനു വിധേയരാകുന്നവരൊക്കെ മോശക്കാരാണ്; അവരെ മെരുക്കിയെടുക്കേ ണ്ടതുണ്ട്. അതിനുവേണ്ടി നിയോഗിക്കപ്പെട്ടവരാണ് തങ്ങൾ എന്ന കാഴ്ച പ്പാടോടെയായിരുന്നു മിക്ക മിഷനറിമാരും വന്നത്. ആ നിലയ്ക്ക് ഇവി ടെയുള്ള ആളുകളെയൊക്കെ മെരുക്കേണ്ട 'മൃഗശിക്ഷകരാ'യിരുന്നു അവർ. ഈ മൃഗശിക്ഷകഭാവത്തോടുകൂടിയായിരുന്നു ബെഞ്ചമിൻ ബെയ്‌ലിയും ഗുണ്ടർട്ടുംപോലും ഇവിടെ വന്നത്.

ഗുണ്ടർട്ടിനെപ്പോലെയും അർണോസ് പാതിരിയെപ്പോലെയുമുള്ള ചുരുക്കം ചില ആളുകൾക്ക് ചെറിയൊരു സംശയമുണ്ടായിരുന്നു: ഇവർക്കും ബുദ്ധിയുണ്ടായിരിക്കാമെന്ന്. അതുകൊണ്ടാണ് ഗുണ്ടർട്ട് ആദ്യം കേരളോൽപത്തി അച്ചടിപ്പിച്ചത്; ബൈബിൾ തർജമ ചെയ്യാൻ തുടങ്ങിയ

പ്പോൾ 'ഞാനൊരു കാര്യം ചെയ്യാം, ഇന്ത്യയിലെ ജനങ്ങളുടെ വേദങ്ങളുടെ രീതിയിൽ ബൈബിൾ തർജമ ചെയ്യാം' എന്നു പറഞ്ഞു ബൈബിളിലെ അഞ്ചു പുസ്തകം 'സത്യവേദ ഇതിഹാസ'മെന്ന പേരിൽ ഇവിടുത്തെ മനുഷ്യരുടെ സംസ്കാരത്തിന്റെ ചൂടും നിറവുമുള്ള ഭാഷയിൽ അദ്ദേഹം തർജമ ചെയ്തു. അപ്പോൾ മിഷനിൽനിന്ന് എതിർപ്പു വന്നു: 'ഇത് യാതൊരു കാരണവശാലും തുടരാൻ സാദ്ധ്യമല്ല. സത്യവേദത്തെ കാവ്യരുടെ വേദങ്ങളുമായി കലർത്താൻ പാടില്ല.' 'കാവ്യർ' എന്നു പറഞ്ഞാൽ ഇന്ത്യയിലെ ഹിന്ദുക്കൾ എന്നാണർഥം. ഇവിടുത്തെ ഹിന്ദുക്കളുടെ വേദവുമായി ബൈബിൾ കലർത്താൻ പാടില്ല. യാതൊരു തരത്തിലുള്ള സങ്കലനവും സാധ്യമല്ല. ഈ ശുദ്ധിവാദം വെള്ളക്കാരന്റെ മേൽക്കോയ്മയുടെയും കൊളോണിയൽ മേധാവിത്വത്തിന്റെയും ഭാഗമായിരുന്നു. ഈ നിലപാട് ഇവിടെയുണ്ടായിരുന്ന എല്ലാ ക്രൈസ്തവ നവീകരണപ്രസ്ഥാനങ്ങളെയും ബാധിച്ചിട്ടുണ്ട്. അതായത്, കത്തോലിക്കാസഭയിലായാലും പ്രോട്ടസ്റ്റന്റ് സഭയിലായാലും, ഇത്തരത്തിലുള്ള ഒരു മേൽക്കോയ്മ, കൊളോണിയൽ ആധിപത്യം, മുകളിൽനിന്നു വരുന്ന അധികാരം എന്നുള്ള ആശയം വളരെ സ്പഷ്ടമായി ഉറപ്പിച്ചിട്ടുണ്ട്. അധികാരഘടനയെ സംബന്ധിച്ച ഈ ആശയസമുച്ചയം ആദ്യം ലഭിച്ചത് ഉദയംപേരൂർ സൂനഹദോസിൽനിന്നാണെന്ന് നമ്മൾ തിരിച്ചറിയണം.

ക്രിസ്തുവിനു സുറിയാനി/ലത്തീൻ മുഖം നൽകുന്നു

മറ്റൊരു കാര്യംകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ഉദയംപേരൂർ സൂനഹദോസിൽ സഭയെന്നുള്ളത്, ക്രിസ്തീയതയെന്നത്, ഒരു സന്ദേശമല്ല; മറിച്ച് വ്യത്യസ്തമായ ഒരു സംസ്കാരമാണ് . 'ക്രിസ്തീയത' എന്നു പറഞ്ഞാൽ പാശ്ചാത്യസംസ്കാരമാണ്. മറ്റെല്ലാ സംസ്കാരങ്ങളും ക്രിസ്തുവിന് അന്യമത്രെ. അതുകൊണ്ടാണ്, ഉദയംപേരൂർ സൂനഹദോസിൽ ക്രിസ്ത്യാനികൾ എങ്ങനെ തലമുടി വെയ്ക്കണം, കാത് എങ്ങനെ കൊണ്ടുനടക്കണം, എന്നൊക്കെ കല്പിച്ചിരിക്കുന്നത്. റോസിന്റെ നിയമാവലിയിൽ മീശ എങ്ങനെ വെട്ടണം എന്നുകൂടി നിർദേശിക്കുന്നുണ്ട്. ജനങ്ങളുടെ ഉടുപ്പ്, നടപ്പ്, ഗാർഹികശീലങ്ങൾ, ഇവയെ മുഴുവൻ ബാധിക്കുന്നതാണ് ക്രൈസ്തവവിശ്വാസമെന്നും, അതിനാൽ ചുറ്റുപാടുമുള്ളവരുടെ സംസ്കാരത്തിൽനിന്ന് ക്രിസ്ത്യാനികൾ വേർപിരിയണം എന്നുമുള്ള പാശ്ചാത്യസഭാശാഠ്യം ഇപ്പോഴും എല്ലാ സഭകളിലും തുടർന്നുകൊണ്ടിരിക്കുന്നു. പ്രാദേശികസംസ്കാരങ്ങളിൽനിന്ന് എത്രത്തോളം വ്യതിചലിക്കാൻ കഴിയും എന്നുള്ളതിനാണ് മുൻഗണന. ഇത് ഒരു ചെറിയ കാര്യമായിട്ടെടുക്കരുത്. ധാരാളം രക്തസാക്ഷികളെ സൃഷ്ടിച്ചിട്ടുള്ള ഒരു സംഗതിയാണിത്. ക്രിസ്തുവേദം ഇവിടെ വന്ന എ.ഡി. ഒന്നാം നൂറ്റാണ്ടു മുതൽതന്നെ ക്രിസ്തുവിനെ ഭാരതത്തിന്റെ സംസ്കാരത്തിൽ ഉൾക്കൊ

ള്ളുവാൻ സാധിച്ച ഒരു ജനതയാണ് നസ്രാണികൾ. തനതു സാംസ്കാരികരീതികളെയും സമ്പ്രദായങ്ങളെയും നിലനിർത്താൻ പരിശ്രമിച്ച നസ്രാണി നേതാക്കളെയൊക്കെ ശപിച്ചുതള്ളുകയും പീഡിപ്പിക്കുകയുമാണ് പോർട്ടുഗീസ് സഭാധികാരം ചെയ്തത്. ക്രിസ്തുവിനെ പാശ്ചാത്യമുഖത്തോടുകൂടിയല്ലാതെ കാണാനും സ്വീകരിക്കാനും നിവൃത്തിയില്ലാത്ത ഒരു വ്യവസ്ഥ ഉദയംപേരൂർ സൂനഹദോസോടുകൂടി ഉണ്ടായി. നമുക്ക് വിശ്വാസത്തിൽ മാത്രമല്ല സംസ്കാരത്തിലും ഭേദമുണ്ടായിരിക്കണം എന്നു വിധിക്കപ്പെട്ടു. ഈ ഭേദത്തെ നിലനിർത്തുന്നതിനുള്ള സംവിധാനങ്ങൾ അന്നെന്നപോലെ ഇന്നും തുടരുകയാണ്. ഇന്ന് പാലായിൽ ഒരാൾ ദിവ്യബലി അർപ്പിക്കുന്നെങ്കിൽ അയാൾ ദിവ്യബലിയർപ്പിക്കുന്നത് മുൻകൂർ തയ്യാർ ചെയ്ത ചിട്ടവട്ടങ്ങളനുസരിച്ചായിരിക്കണമെന്നും, ഇവിടെ പെരുമഴ പെയ്തുകൊണ്ടിരിക്കുമ്പോഴും അന്നത്തെ 'അനാഫറ'യിൽ പറയുന്നത് "കർത്താവേ കഠിനമായ ചൂടിനെ കുറയ്ക്കണമേ" എന്നാണെങ്കിൽ അച്ചൻ ഈ പെരുമഴയത്തും അതു ചൊല്ലണമെന്നും ശഠിക്കുന്ന യാന്ത്രികതയിലാണ് നസ്രാണിസഭകൾ നിൽക്കുന്നത്. ഒരു വ്യത്യാസവുമില്ല. അവർ ഒരുപോലെ നിന്നിട്ടുപറയും, 'നാടുമായി ഇതിന് അനുരൂപണമൊന്നും പാടില്ല.' പിന്നെ ആരുമായിട്ടാണ് അനുരൂപണം? ക്രിസ്തുമതം നിങ്ങൾക്കു നൽകുന്ന ഒരു സംസ്കാരമുണ്ട്, അതുമായി മാത്രമേ നിങ്ങൾക്കു അനുരൂപണം പാടുള്ളൂ! ഇത് ഏതു സംസ്കാരമാണ്? ചിലർ പറയുന്നു കൽദായസംസ്കാരം, മറ്റു ചിലർ പറയുന്നു യൂറോപ്യൻ സംസ്കാരം!

ഇന്ന് നസ്രാണിസഭയിലെ സംഘർഷത്തിന്റെ അടിത്തറ ഇതാണ്. ഒരു വിഭാഗം ആൾക്കാർ പറയുന്നു, 'ഞങ്ങൾ ഭാരതീയരാണ് മലങ്കരനസ്രാണികളാണ്. ഈ നാടിന്റെ സംസ്കാരത്തിൽ പുനർജനിക്കുന്ന ഒരു സഭാസംവിധാനം ഞങ്ങൾ ആഗ്രഹിക്കുന്നു.' അപ്പോൾ മറുഭാഗം, 'ഞങ്ങൾ ആഗോളക്രമത്തിൽ നിങ്ങളെ കൈകാര്യം ചെയ്യും. നിങ്ങളുടെ പൈതൃകം കൽദായമാണ്'. നസ്രാണികൾ പറയുന്നു: 'അല്ല. ഞങ്ങൾ ഭാരതനസ്രാണികളാണ്.' മറുപടി: "ഞങ്ങളുടെ 'പൗരസ്ത്യപട്ടികയിൽ' അങ്ങനെയൊരു വിഭാഗമില്ല. നിങ്ങൾക്കു വേണമെങ്കിൽ കൽദായവിഭാഗത്തിൽ കൂടാം. അതു പറ്റില്ലെങ്കിൽ ഞങ്ങളുണ്ടാക്കിവെച്ചിട്ടുള്ള പട്ടികയിലെ ഏതെങ്കിലുമൊരു വിഭാഗത്തിൽ നിൽക്കാം." ഇതാണ് 'ഔദ്യോഗിക' നിലപാട്! മെത്രാന്മാരും പ്രമാണിമാരും അംഗീകരിക്കുന്ന നിലപാട്.

ഈ പട്ടികയിൽ കയറാൻ മനസ്സില്ലെന്നു പറയുന്നതാണ് ഇപ്പോഴത്തെ പ്രശ്നം. ഞങ്ങൾക്ക് ഈ പട്ടികയനുസരിച്ചു നിൽക്കാൻ സാധ്യമല്ല. ഞങ്ങൾ നസ്രാണികൾ, ഞങ്ങൾക്ക് 20 നൂറ്റാണ്ടുകാലത്തെ ചരിത്രമുണ്ട്. ഞങ്ങളുടെമേൽ വെള്ളക്കാർ കൊണ്ടുവന്ന പരിഷ്കാരങ്ങൾപോലും കാലോചിതമായി ഞങ്ങൾ സ്വീകരിക്കും. പക്ഷേ, തീരുമാനം ഞങ്ങളുടേ

തായിരിക്കും. ഞങ്ങളുടെ നാട്, ഞങ്ങളുടെ സംസ്കാരം, ഞങ്ങളുടെ അഭിരുചികൾ, ഇതു പ്രകടിപ്പിക്കുന്നതായിരിക്കണം ഞങ്ങളുടെ പ്രാർഥനകൾ. ഉദയംപേരൂർ സൂനഹദോസാണ് ഞങ്ങളെ കൽദായരെന്നും നെസ്തോറിയരെന്നും മുദ്രകുത്തിയത്. ഡച്ചുകാരും ഇംഗ്ലീഷുകാരുമാണ് സുറിയാനിക്കാർ എന്ന വികൃതിപ്പേരു ഞങ്ങൾക്കു നൽകിയത്. 'സുറിയാനിക്കാരനാണെന്നു സമ്മതിച്ചാലേ ക്രിസ്ത്യാനിയാകാൻ കഴിയൂ!' എന്നാണ് പ്രത്യുത്തരം! ഇത് മെനേസിസിന്റെ ശബ്ദമാണ്. എങ്കിലും ഒരു വ്യത്യാസം മറന്നുകൂടാ. മെനേസിസ് മെത്രാപ്പോലീത്താ ജീവൻ പണയം വെച്ച് ഇവിടെ വന്നിട്ടാണ് ഈ സാഹസമൊക്കെ ചെയ്തത്. നമ്മുടെ പൂർവികരല്ലേ, വെറുതെ വിടുമോ? ഇന്നത്തെ വിദേശമേലാളർ യൂറോപ്പിലിരുന്നു നസ്രാണികളെക്കൊണ്ടുതന്നെ ഗ്രൂപ്പുകളിയിലൂടെ കൊളോണിയൽ രാഷ്ട്രീയം നടപ്പിലാക്കുന്നു.

മര്യാദ പോയി, വേഷങ്ങൾ പെരുകി

മെനേസിസ് വന്നപാടേ ചെയ്ത ഒരു സംഗതിയെപ്പറ്റി അദ്ദേഹത്തിന്റെ നടപടികളിൽ പറയുന്നുണ്ട്. ആദ്യമായി കണ്ട സദസ്സിലേക്ക്, അന്നുവരെ നമ്മുടെ ആളുകൾ കണ്ടിട്ടില്ലാത്ത രാജകീയമെത്രാന്റെ പ്രൗഢവേഷവിധാനങ്ങളോടെ അദ്ദേഹം കടന്നുചെല്ലുന്നു. അംശവടിയും പിടിച്ച് കിരീടം വെച്ചു പ്രതാപിയായി വന്ന മെനേസിസ് മെത്രാനെ ആളുകൾക്കു നന്നേ ബോധിച്ചു. അവർ ശരിക്കും impressed ആയി. ഒന്നാലോചിച്ചാൽ ഇന്നും നമ്മുടെ ആളുകൾ impressed ആകുന്നത് ഈ വേഷവിധാനവും അധികാരചിഹ്നങ്ങളും കാണുമ്പോഴല്ലേ? മെത്രാൻ എത്രത്തോളം ജനങ്ങളിൽ നിന്ന് അന്യനായിരിക്കുന്നുവോ അത്രത്തോളം നമുക്കു മതിപ്പു തോന്നുന്നു! പിന്നീടുണ്ടായത് എന്താണെന്നുകൂടി ഓർമിക്കുക. മെത്രാൻ വേഷത്തെ ക്രിസ്തുവുമായി സമീകരിക്കുന്നതിന് നമ്മുടെ പള്ളികളുടെയെല്ലാം മുകളിൽ ക്രിസ്തുരാജന്റെ രൂപങ്ങളുണ്ടാക്കി വെച്ചു. ഇനിയിപ്പോൾ ആരെപ്പോലെയാണ് ക്രിസ്തു ഇരിക്കുന്നത്? സംശയമുണ്ടോ, മെത്രാനെപ്പോലെ! ഈ മുതലവായൻതൊപ്പി ക്രിസ്തു വെച്ചതെപ്പോഴാണാവോ?! അങ്ങനെ പടിഞ്ഞാറുനിന്നു വന്ന മെത്രാന്റെ വേഷത്തോട് ക്രിസ്തുവിനെ സമീകരിച്ചു. അങ്ങനെ സമീകരിക്കുകവഴി പടിഞ്ഞാറുനിന്നു വന്ന മെത്രാൻ = യേശുക്രിസ്തു എന്ന സമവാക്യം നമ്മളിൽ ഉറപ്പിച്ചു. പടിഞ്ഞാറൻവേഷത്തിൽ വരുന്ന മെത്രാപ്പോലീത്തായെയാണ് നമ്മൾ ക്രിസ്തുവായി കാണേണ്ടത് എന്നുള്ള ഒരു ചിന്ത അനുനിമിഷം നമ്മിൽ പുനരുൽപാദിപ്പിക്കുകയാണ് ഈ വേഷം കൊണ്ട് ഇന്ന് സഭാധികാരികൾ ചെയ്യുന്നത്.

വേഷംകൊണ്ടും നടപടികൊണ്ടും കൊളോണിയൽ ആശയാവലി നിരന്തരം പുനരുൽപാദിപ്പിച്ച് അധികാരത്തെക്കുറിച്ചുള്ള ഭയവും ആശങ്ക

കളും നിലനിറുത്തുന്ന അധികാരശ്രേണീതന്ത്രത്തെ ഇതിനുള്ളിൽ നാം തിരിച്ചറിയേണ്ടതുണ്ട്. സൂനഹദോസ് കാനോനകളിൽ 'മര്യാദയ്ക്കു തക്ക വണ്ണം' എന്ന് പലതവണ പറയുന്നുണ്ട്. മര്യാദ എന്നു പറഞ്ഞാൽ പ്രാദേശികസംസ്കാരം എന്നാണെന്നു ചരിത്രകാരന്മാർ പറയുന്നു. ഈ 'ലോക്കൽ കൾച്ചറാ'ണ്, പ്രാദേശികസംസ്കാരമാണ്, അധികാരികളുടെ എന്നത്തെയും പ്രശ്നം. ഈ പ്രാദേശികസംസ്കാരത്തെ കടത്തിവെട്ടിക്കൊണ്ടു മുന്നോട്ടു പോകാൻ നിവൃത്തിയില്ലായെന്ന് മെനേസിസ് ഭയപ്പെട്ടിരുന്നു. അതിനെ കടത്തിവെട്ടാൻ തന്നെയാണ് ഇപ്പോൾ തന്ത്രപൂർവം കാനോനകൾ ഉണ്ടാക്കുന്നതും. കാനോനകളുണ്ടാക്കിയാൽ അതിന്റെ അടിസ്ഥാനത്തിൽ ശിക്ഷണനടപടികൾ നടത്താമല്ലോ. ഇന്നിപ്പോൾ കാനോൻനിയമത്തിൽ രണ്ടു പുതിയ വ്യവസ്ഥകൾകൂട്ടിച്ചേർത്തും പള്ളിയോഗ നടപടിക്രമങ്ങൾ പ്രഖ്യാപിച്ചും കൊളോണിയൽ അതിക്രമം തുടരുന്നു.

പ്രാദേശികസംസ്കാരങ്ങളുമായി സമ്പർക്കപ്പെടാൻ നിവൃത്തിയില്ലാത്തവിധത്തിലുള്ള നൈയാമികക്രമീകരണങ്ങളാണ് പെരുകിവരുന്നത്. എല്ലാം സമ്മതിച്ചിട്ട് 'അങ്ങനെയൊക്കെയാണെങ്കിൽത്തന്നെയും' (in spite of all this) എന്ന പ്രയോഗത്തിലൂടെ, അവയെല്ലാം അസാധുവാക്കിക്കളയുന്ന ഒരു രീതിയാണുള്ളത്. ഇതിനോടെല്ലാമുള്ള പ്രതിരോധങ്ങൾ വൈദികരുടെയിടയിലുണ്ട്, ജനങ്ങളുടെയിടയിലുണ്ട്, പൊതുസമൂഹത്തിലുമുണ്ട്. ഈ പ്രതിരോധത്തെ സർഗാത്മകമാക്കുക എന്നതാണ് നേതൃത്വത്തിന്റെ ദൗത്യം.

ഉദയംപേരൂർ സൂനഹദോസിന്റെ നാനൂറാം വാർഷികവും, പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ഇരുന്നൂറാം ചരമവാർഷികവും ഇത്തരം കൊളോണിയൽവിരുദ്ധ ചിന്തകൾക്കു പ്രചോദനമരുളട്ടെ.